പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 2144

22.01.2014 ന് മറുപടി

പാവൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി |
| എ). കൊല്ലം പരവൂർ ഫയർ സ്റ്റേഷന് സ്വന്തമായി ഭൂമിയില്ലാത്തതിനാൽ, കെട്ടിടം നിർമ്മിക്കുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) പരവൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത ആവശ്യത്തിലേക്കായി പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ ശേഷിക്കുന്ന സ്ഥലം വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധികൾ ബന്ധപ്പെട്ടവർക്ക് അപേക്ഷ നൽകുകയും അതിന്മേൽ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തുവെങ്കിലും മേൽ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്; | ബി) പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിർദ്ദേശിച്ച സ്ഥലം പോലീസ് വകുപ്പിന്റെ പ്രവർത്തനത്തിന് ആവശ്യമായതൊഴിച്ച് ബാക്കി ലഭ്യമാക്കാവുന്ന സ്ഥലം ഫയർസ്റ്റേഷന്റെയും ഗ്യാരേജിന്റെയും നിർമ്മാണത്തിന് അനുയോജ്യമാണോ എന്ന കാര്യം പോലീസ് വകുപ്പുമായി ആലോചിച്ച് തീരുമാനം എടുക്കുവാൻ ഫയർ & റസ്ക്യു സർവ്വീസസ്സ് കമാൻഡന്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) പ്രസ്തുത അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുകയോ, ബന്ധപ്പെട്ട ജനപ്രതിനിധികൾക്ക് മറുപടി നൽകുകയോ ചെയ്യാത്ത കാര്യം ഗൗരവമായി കാണുന്നുവോ; | സി) അപേക്ഷയിൻമേൽ നടപടി സ്വീകരിച്ച് മറുപടി നൽകുവാൻ ഫയർഫോഴ്സ് കമാൻഡന്റ് ജനറലിനോട് നിർദ്ദേശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | എങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ? | ഡി) | പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും ലഭ്യമാക്കാവുന്ന സ്ഥലം ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷന്റെ നിർമ്മാണത്തിന് അനുയോജ്യവും മതിയാകുന്നതുമാണെങ്കിൽ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ